**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1270** **10-10-2024 - ൽ മറുപടിയ്ക്ക്**

**മുദിയംപാലം നിർമ്മാണത്തിന്റെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ മുദിയം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി.) നിലവിൽ നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ മുദിയം പാലം മലപ്പുറം ജില്ലയിലെ നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ അലൈൻമെന്റിൽ വരുന്നതാണ്. പാലം നിർമ്മാണ പ്രവൃത്തിക്ക് PWD014-48/AE-1/2023/KIIFB ഓർഡർ പ്രകാരം 20/10/2023 ൽ 23.92 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഇതിൽ സ്ഥലം ഏറ്റെടുപ്പിനുള്ള തുക ഉൾപ്പെട്ടിരുന്നില്ല. പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിങ്ങിൽ നിന്നും തയ്യാറാക്കിയ ഡിസൈൻ പ്രകാരം പാലത്തിന്റെ സ്ഥാനം സൈറ്റിൽ നിർണ്ണയിച്ചതിൽ നിന്നും പാലം നിർമ്മാണത്തിനും അപ്രോച്ച് റോഡുകളും സർവീസ് റോഡുകളും നിർമ്മിക്കുന്നതിന് അധിക ഭൂമി ഏറ്റെടുക്കേണ്ടത് അനിവാര്യമാണെന്ന് കണ്ടെത്തി. പ്രസ്തുത പദ്ധതിയിൽ ഭൂമി ഏറ്റെടുപ്പിനുള്ള തുക പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ അധിക ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക മലപ്പുറം ജില്ലയിലെ തന്നെ തീരദേശ ഹൈവേയുടെ റീച്ച് 4-ന്റെ ഭൂമി ഏറ്റെടുക്കലിൽ ഉൾപ്പെടുത്തി റീച്ച് 4 ന്റെയും മുദിയം പാലത്തിന്റെയും അപ്രോച്ച് റോഡുകളുടേയും ഭൂമി ഏറ്റെടുപ്പിനായുള്ള പുതുക്കിയ സാമ്പത്തികാനുമതി 13.03.2024 തീയതിയിൽ PWD014-38/AE1/2024/KIIFB ഓർഡർ പ്രകാരം കിഫ്ബിയിൽ നിന്നും ലഭിച്ചു. അതിൻ പ്രകാരം തീരദേശ ഹൈവേ റീച്ച് 4 ന്റെ പുതുക്കിയ റവന്യൂ ഭരണാനുമതി 23.08.2024 തീയതിയിൽ G.O.(Rt)No.1971/2024/RD നമ്പർ പ്രകാരം ലഭ്യമായിട്ടുണ്ട്. ടി പാലം costal Regulatory Zone ൽ വരുന്നതിനാൽ പാലം നിർമ്മാണം ആരംഭിക്കുന്നതിനു മുമ്പ് തന്നെ CRZ ക്ലിയറൻസ് ലഭ്യമാക്കേണ്ടതുണ്ട്. CRZ ക്ലിയറൻസും, സ്ഥലമേറ്റെടുപ്പ് നടപടികളും പൂർത്തിയാക്കി തുടർ നടപടികളിലേക്ക് കടക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി അധിക സർവ്വേ നമ്പരുകൾ ഉൾപ്പെടുത്തി പുതുക്കിയ റവന്യൂ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; ഇത് സംബന്ധിച്ച് നിലവിൽ സർക്കാർ തലത്തിൽ ഫയലുണ്ടോ; ഉണ്ടെങ്കിൽ ഫയൽ നമ്പർ അടക്കമുള്ള വിശദാംശങ്ങൾ നൽകാമോ; | (ബി) | പാലം നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുപ്പിനു വേണ്ടിയുള്ള സർവ്വേ നമ്പറുകൾ ഉൾപ്പെടുത്തിയ പുതുക്കിയ റവന്യൂ ഭരണാനുമതി 23.08.2024 തീയതിയിൽ G.O.(Rt)No.1971/2024/RD നമ്പർ പ്രകാരം ലഭ്യമായിട്ടുണ്ട്. |
| (സി) | പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സി.ആർ.ഇസഡ്. (CRZ) ക്ലിയറൻസ് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | CRZ അനുമതിക്കായി NCESS ൽ നിന്നും സ്റ്റാറ്റസ് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി 11.07.2024 തീയതിയിൽ കത്ത് നൽകുകയും 3.71 ലക്ഷം രൂപ NCESS നു അടവാക്കിയതിന്റെയും അടിസ്ഥാനത്തിൽ 27.09.2024 തീയതിയിൽ NCESS അധികൃതർ പ്രാഥമിക സ്ഥല പരിശോധന നടത്തിയിട്ടുണ്ട്. കൂടാതെ CRZ അനുമതിക്കായി സമർപ്പിക്കേണ്ട Rapid EIA റിപ്പോർട്ട് തയ്യാറാക്കുന്നതിന് NABET അക്രഡിറ്റേഷൻ ഉള്ള ഏജൻസികളിൽ നിന്നും 07.08.2024 തീയതിയിൽ ക്വട്ടേഷനുകൾ ക്ഷണിച്ചിരുന്നു. ഈ ക്വട്ടേഷനുകൾ പരിശോധിച്ച് അംഗീകരിക്കുന്നതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ